# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1248 — 01.07.2015 ൽ മറുപടിയ്ക്ക്

### സപ്ലൈകോ നിയമനങ്ങളും പ്രൊമോഷനും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സപ്ലൈകോയിൽ സീനിയർ അസിസ്റ്റന്റ് ഗ്രേഡ് II, ഗ്രേഡ് I എന്നീ തസ്തികകളിൽ കോർപ്പറേഷൻ ജീവനക്കാർക്കായി എത്ര പോസ്റ്റുകൾ അനുവദിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ; | (എ) നിലവിൽ കോർപ്പറേഷൻ ജീവനക്കാരുടെ സീനിയർ അസിസ്റ്റന്റ് I, സീനിയർ അസിസ്റ്റന്റ് II തസ്തികകൾ താഴെ പറയുന്ന പ്രകാരമാണ്.<br>സീനിയർ അസിസ്റ്റന്റ് I - Nil<br>സീനിയർ അസിസ്റ്റന്റ് II - 19 |
| (ബി) ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ 50% പ്രൊമോഷൻ, ഡെപ്യൂട്ടേഷൻ 50% എന്ന രീതി എസ്. എ. -II, എസ്. എ-I എന്നീ തസ്തികകളിലും അനുവദിക്കുന്നതിനുള്ള നിയമതടസ്സം എന്തെന്ന് വ്യക്തമാക്കാമോ ; സപ്ലൈകോ ജീവനക്കാർക്ക് 50% പ്രൊമോഷൻ അനുവദിക്കുന്നതിനായുള്ള 30/10 ഓർഡർ സ്റ്റേ നീക്കുന്നതിനുള്ള നടപടിക്രമം എന്താണ് ; വ്യക്തമാക്കാമോ ; | (ബി) 04.09.2010 ലെ സ. ഉ (എം.എസ്) നം.30/10/ ഭ.സി.സ.വ. പ്രമോഷൻ/ റിക്രൂട്ട്മെന്റ് റൂൾ ധനവകുപ്പിന്റെ എതിർപ്പിനെതുടർന്ന് സ.ഉ (എം.എസ്) നം.27/11/ ഭ.സി.സ.വ. തീയതി 06.07.2011 പ്രകാരം സർക്കാർ സ്റ്റേ ചെയ്തിട്ടുള്ളതാകുന്നു. സപ്ലൈകോ ജീവനക്കാർക്ക് പ്രൊമോഷൻ അനുവദിക്കുന്നതിനായുള്ള ശുപാർശ കേരള സ്റ്റേറ്റ് പ്രോഡക്ടിവിറ്റി കൗൺസിലിന്റെ റിപ്പോർട്ടിനോടൊപ്പം സമർപ്പിക്കുന്നതാണെന്ന് സപ്ലൈകോ മാനേജിംഗ് ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (സി) സപ്ലൈകോയിൽ സെയിൽസ്മാൻ എന്ന തസ്തിക ഇപ്പോൾ നിലവിലുണ്ടോ ;എത്ര പേർ നിലവിൽ ആ തസ്തികയിൽ ജോലി ചെയ്തു വരുന്നെന്ന് വ്യക്തമാക്കാമോ ; | (സി) ഉണ്ട്. 8 പേർ. |
| (ഡി) സപ്ലൈകോയിൽ കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി നടപ്പിൽ വരുന്നതിന് തടസ്സം എന്തെന്ന് വ്യക്തമാക്കാമോ ; | (ഡി) സപ്ലൈകോയിൽ കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി നടപ്പിൽ വരുത്തുന്നതിനായുള്ള സപ്ലൈകോയുടെ ശുപാർശ സർക്കാർ പരിശോധിച്ച് വരികയാണ്. |
| (ഇ) സപ്ലൈകോയിലെ സ്റ്റാഫ് പാറ്റേൺ പഠിക്കുന്നതിനായി നിയോഗിച്ച പ്രോഡക്ടിവിറ്റി കൗൺസിൽ റിപ്പോർട്ട് സമർപ്പിച്ചുവോ ; പ്രസ്തുത റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ; | (ഇ) കേരള സ്റ്റേറ്റ് പ്രോഡക്ടിവിറ്റി കൗൺസിൽ അന്തിമ റിപ്പോർട്ട് സപ്ലൈകോയ്ക്ക് സമർപ്പിച്ചിട്ടില്ലായെന്നാണ് മാനേജിംഗ് ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുള്ളത്. |

(എഫ്) സപ്ലൈകോയിൽ ജോലി ചെയ്തുവരുന്ന അസിസ്റ്റന്റ് സെയിൽസ്മാനും ഡെപ്യൂട്ടേഷനിൽ വരുന്ന എൽ. ഡി. ക്ലാർക്കിനും അടിസ്ഥാന യോഗ്യത എസ്. എസ്. എൽ. സി. തന്നെയാണെന്നിരിക്കെ ഇവരെ രണ്ടുതരം ജോലി ഏൽപ്പിക്കുന്നത് വിവേചനമാണെന്ന് കരുതുന്നുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിയ്ക്കുമോ ;

(എഫ്) രണ്ടും രണ്ടുതരം ജോലികളായി നിർവ്വചിക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ ഇവരെ രണ്ടുതരം ജോലികൾ ഏൽപ്പിക്കുന്നതിൽ വിവേചനം ഇല്ലായെന്ന് കരുതുന്നു.

(ജി) 2015 മെയ്31 ആകുമ്പോഴേയ്ക്കും പ്രൊമോഷൻ തസ്തികയിൽ എത്ര ജൂനിയർ അസിസ്റ്റന്റുമാരുടെ ഒഴിവ് വരാൻ സാദ്ധ്യതയുണ്ട് ; പ്രസ്തുത ഒഴിവിലേക്ക് നിയമനം നടത്തുവാൻ കാലതാമസമുണ്ടോ ; വിശദമാക്കാമോ ?

(ജി) 2015 മെയ് 31 വരെ 6 റിട്ടയർമെന്റ് ഒഴിവുകൾ ഉണ്ട്. പ്രസ്തുത ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിന് കാലതാമസമില്ല.

സെക്ഷൻ ഓഫീസർ